പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3022 | 21/06/2013-ൽ മറുപടിക്ക് |
|---|---|

**ക്ലീൻ കേരള കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ എം.എ. വാഹീദ്<br>ശ്രീ. സി . പി . മുഹമ്മദ്<br>ശ്രീ ആർ. സെൽവരാജ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>ബഹു: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി | |
| (എ) | സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; | (എ) | കമ്പിനി രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വികേന്ദ്രീകൃതമായി റസിഡൻഷ്യൽ കമ്മ്യൂണിറ്റികൾ, ഫ്ളാറ്റുകൾ, കച്ചവടസ്ഥാപനങ്ങൾ, ഓഫീസുകൾ, ഹോസ്പിറ്റലുകൾ, ഹോട്ടലുകൾ തുടങ്ങിയവയിൽ നിന്നും യൂസർ ഫീ ഈടാക്കി മാലിന്യസംഭരണം, സംസ്കരണം എന്നിവ ശാസ്ത്രീയമായ രീതിയിൽ നിർവഹിക്കുക എന്നതാണ് ക്ലീൻ കേരള കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | സംസ്ഥാന മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടു ത്തിയിരിക്കുന്നത് ; | (സി) | എയ്റോബിക് കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ പരമ്പരാഗത ബയോളജിക്കൽ പ്രോസസിംഗ് ടെക്നോളജികളും തെർമൽ ടെക്നോളജി ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗിച്ച് മാലിന്യശേഖരണ -സംസ്കരണ സംവിധാനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടി കളുടെ വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കേരളത്തിലെ മാലിന്യസംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലേക്കായി 1956 ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന പൊതുമേഖലാ കമ്പനി രൂപീകരിക്കുവാൻ 30/03/13 ലെ സ.ഉ (എം.എസ്)135/13 തസ്വഭവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത കമ്പനിയുടെ സ്പെഷ്യൽ ഓഫീസറായി ശ്രീ. കബീർ.ബി ഹാരൂണിനെ 05/06/2013 -ലെ സ.ഉ.(സാ.ധാ) നമ്പർ 1457/13 തസ്വഭവ പ്രകാരം നിയമിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ